എമ്മാവൂസ്

# വചനദൂത്

കൈത്താക്കാലം 2-ാം ഞായർ. ലൂക്കാ 15:11-32

Vol.8 / Issue - 7 / 30 July 2017



## കാത്തിരിക്കുന്ന ദൈവം



ബ്ര. പ്രിൻസ് ചിന്നക്കാടൻ

വി. ലൂക്കയുടെ സുവിശേഷം 15-ാം അദ്ധ്യായം മൂന്നു ഉപമകളാൽ സമ്പൽ സമൃദ്ധമാണ്. ആദ്യത്തേത് കാണാതായ ആടിന്റെയും രണ്ടാമത്തേത് കാണാതായ നാണയത്തിന്റെയും പിന്നെ നാമിനന്നു വായിച്ചുകേട്ട ധൂർത്തപുത്രന്റെയും. ആദ്യ രണ്ടുപമകൾ തിരിച്ചുകിട്ടലിന്റെ കഥപറയുമ്പോൾ അവസാനത്തേത് ഒരു നഷ്ടപ്പെടലിന്റെയും തിരിച്ചുവരവിന്റെയും കഥ പറയുന്നു. ഇതിലെ കേന്ദ്ര കഥാപാത്രം പിതാവായതിനാൽ പല ബൈബിൾ പണ്ഡിതരും ഈ ഉപമയെ പിതാവായ ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുന്നതായിട്ട് പറഞ്ഞുവയ്ക്കുന്നുണ്ട്. കാരണം ഇതിൽ പ്രധാനമായും തെളിഞ്ഞുനിൽക്കുക പിതാവിന്റെ സ്നേഹമാണ്.

17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രശസ്തനായ ചിത്രകാരനായിരുന്നു ഹോളണ്ടിലെ റെം ബ്രാണ്ട്. അദ്ദേഹം 1668-ൽ ധൂർത്തപുത്രനെ ആധാരമാക്കി വരച്ചചിത്രം ഇന്നും റഷ്യയിൽ സാൻപിയെത്രെയിലെ എർമീറ്റേജ് മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. കരുണയുടെ വർഷത്തിൽ ഈ ചിത്രം വളരെയേറെ പ്രസിദ്ധിയാർജ്ജിച്ചു. പ്രത്യേകിച്ച് യൂറോപ്പിൽ രാജ്യങ്ങളിൽ. അതിനു കാരണം ഇതിലെ രണ്ടു പ്രത്യേകതകളാണ്. ഒന്ന് പുത്രനെ സ്വീകരിക്കുന്ന പിതാവിന്റെ കണ്ണുകൾ അടഞ്ഞിരിക്കുന്നു എന്നതും, രണ്ടാമതായി പിതാവിന്റെ വലതുകരം സ്ത്രീയുടേതാണ് എന്നതും. ഈ രണ്ടു പ്രത്യേകതകളും ലൂക്കാ സുവിശേഷകൻ വാക്കുകൾ കൊണ്ടും വരച്ചിരിക്കുന്നു.

ലൂക്ക 15:20-ൽ പറഞ്ഞുവെയ്ക്കും ദൂരെ വച്ചു തന്നെ പിതാവ് അവനെ കണ്ടു. ഇവിടെ ദൂരെ എന്നതും അവൻ എല്ലാം ശേഖരിച്ച് ദൂരേയ്ക്കു പോയി എന്നതും ഒരുമിച്ചു വായിക്കണം. അപ്പോൾ, ദൂരം എന്നത് പിതാവിന്റെ പക്കൽ നിന്നും മാറി നിൽക്കുകയെന്നതാണ്. എന്നാൽ പിതാവ്, പുത്രൻ എത്രയകലെയായിരുന്നാലും കണ്ടെത്തുന്നു. അകലങ്ങൾ കാണുന്ന കർത്താവിൽ നിന്നും മനുഷ്യന് മറഞ്ഞിരിക്കുക സാധ്യമല്ല.

എത്ര പാപം ചെയ്ത് മനുഷ്യൻ ദൈവത്തിൽ നിന്നും അകന്നു പോകുന്നുവോ അത്രമാത്രം ദൈവം നമ്മെ തേടി വരും. മനുഷ്യൻ ദൈവത്തിൽ നിന്നും മറഞ്ഞിരിക്കുവാൻ സാധിക്കുകയില്ല. ആദ്യ മാതാപിതാക്കൾ പാപം ചെയ്ത് മരത്തിനു മറഞ്ഞിരുന്നിട്ടും അത് ദൈവത്തിൽ നിന്നുള്ള മറയാക്കുവാൻ അവർക്കു സാധിക്കാതെ പോയതും അതു കൊണ്ടാണ്.

നാം നിഷേധിച്ചാലും നമ്മെ നിഷേധിക്കാത്ത ദൈവം, നാം അകന്നാലും നമ്മെ വിട്ടകലാത്ത ദൈവം, നാം ഉപേക്ഷിച്ചാലും നമ്മെ ഉപേക്ഷിക്കാത്ത ദൈവം. ധൂർത്തപുത്രന്റെ കൈയിലെ പണം തീരുമ്പോഴും, പന്നികളെ മേയ്ക്കുമ്പോഴും, വിശന്നു മരിക്കാറാകുമ്പോഴും ദൈവം അവനെ കാണുന്നുണ്ട്. ആയതിനാലാകാം സുവിശേഷകൻ എത്ര ദൂരം എന്ന് കൃത്യമായി പറഞ്ഞുവെയ്ക്കാത്തത്. സ്നേഹത്തിന് അളവുകളില്ല, പരിധികളില്ല എത്ര ദൂരവും വളരെ നിസ്സാരമായി കടന്നു ചെല്ലും. എന്റെ തൊട്ടടുത്തിരിക്കുന്നവനെക്കുറിച്ചും താമസിക്കുന്നവനെക്കുറിച്ചും അറിയാതെ കടന്നുപോകുന്നത് സ്നേഹത്തിന്റെ നാമ്പുകൾ ഇനിയും രൂപപ്പെടാത്തതുകൊണ്ടാണ്.

തിരുവചനം വീണ്ടും പറഞ്ഞുവെയ്ക്കും പിതാവു ഓടിചെന്ന് കെട്ടിപ്പിടിച്ച് ചുംബിച്ചു. തന്റെ പക്കലേക്കു തിരികെ വന്നവനെ തടഞ്ഞുനിർത്തി വിചാരണ നടത്തി തന്റെ സ്വത്തുവകകൾക്ക് പകരം ചോദിക്കുന്നവനല്ല മറിച്ച്, പുത്രന്റെ അടുത്തു ചെല്ലുമ്പോൾ മുതൽ അന്ധനാണ് പിതാവ്. പിന്നെ ദൈവത്തിന്റെ ചിന്ത എപ്രകാരം പുത്രനെ അതായത് എന്നെയും നിന്നെയും സ്നേഹിക്കാം എന്നതാണ്. ഏശയ്യ പ്രവാചകനിലൂടെ വെളിപ്പെടുത്തപ്പെട്ട സ്നേഹംപോലെ 'നിന്റെ പാപങ്ങൾ എത്രയും ചെമപ്പാണെങ്കിലും മഞ്ഞുപോലെ വെളുക്കും, അത് രക്തവർണ്ണമെങ്കിൽ കമ്പിളിപോലെ വെളുക്കും.' ദൈവം ഒരിക്കലും തിരികെ നടക്കുന്നവന്റെ ദുരവസ്ഥ കണ്ട് വീണ്ടും മുറിപ്പെടുത്തുന്നവനല്ല. മറിച്ച് ഒരു മനക്ലേശവും വരുത്താതെ തൊട്ടുതലോടി ചുംബനത്താൽപ്പൊതിഞ്ഞ് പാപത്തിന്റെ എല്ലാ കറകളും കടങ്ങളും കഴുകികളയുന്നു. ഏതവസ്ഥയിൽ നിന്നും നിപതിച്ചുവോ അതിലും മേന്മയുള്ള അവസ്ഥ കൈവരുന്നു.

ഇവിടെയാണ് പിതാവ് മാതൃവാത്സല്യത്തിന്റെ പ്രതീകമായി മാറുക. കൊഴുത്തകാളക്കുട്ടിയെ വളർത്തി തന്റെ മകനായി കാത്തിരിക്കുക. വൈക്കം മുഹമ്മദ് ബഷീർ പറയുന്നതുപോലെ അത്താഴം വിളമ്പി കാത്തിരിക്കുന്ന അമ്മയുടെ ചിത്രം. മാതൃവാത്സല്യത്തിന്റെ വലിയ ഭാവം ദൈവത്തിൽ ഉണ്ടെന്ന് പറയാനായിരിക്കാം ലൂക്ക സുവിശേഷകൻ ഈ ഉപമയിൽ നിന്നും സ്ത്രീകഥാപാത്രങ്ങളെ ഒഴിവാക്കി നിർത്തുക. ദൈവത്തിന്റെ മാതൃവാത്സല്യത്തിന്റെ കഥ തുടങ്ങുക ഈശോയിൽ നിന്നല്ല മറിച്ച് പ്രവാചകരിൽ നിന്നുമാണ്. ഏശയ്യ 49:15 'അമ്മയ്ക്കു കുഞ്ഞിനെ മറക്കാനാവുമോ? പുത്രനോട് പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല." തങ്ങളുടെ അകൃത്യങ്ങളും വിഗ്രാഹാരാധനയും വഴി ദൈവത്തെ പരിത്യജിച്ച ഇനത്തോട് അവിടുന്നരുളിചെയ്യുന്ന വാക്കുകളാണിത്.

ഇത്രമാത്രം സ്നേഹിക്കുന്ന ദൈവം നമ്മോടു പറയുക ഒരേ ഒരു കാര്യമാണ്. 'അവനു സുബോധമുണ്ടായി. അവൻ എഴുന്നേറ്റു പിതാവിന്റെ പക്കലേക്കു പോയി.' നാം വഴിതെറ്റിയലഞ്ഞ് നടുറോഡിൽ നിൽക്കുമ്പോൾ ദൈവം കടന്നു വരും. അപ്പോൾ എന്റെ ചുറ്റും മതിലുകെട്ടി ദൈവത്തിന് അവസരം കൊടുക്കാതിരിക്കരുത്. ഇങ്ങനെ ദൈവം മനുഷ്യനെത്തേടി വരുന്ന ഇടമാണ് വി. കുർബാന. നമ്മുടെ ഓരോ ബലിയും ഒരു തിരിഞ്ഞു നടപ്പിന്റേതാകട്ടെ. പിതാവായ ദൈവത്തിന്റെ ഏറ്റവും പ്രിയപുത്രനെ നമുക്കായി കാൽവരിയിൽ തന്നതിന്റെ വലിയ ഓർമ്മ, സ്നേഹത്തിന്റെ ഏറ്റവും മഹത്തായ പ്രകടനം, അനുതാപത്തിന്റെ നീർച്ചാലുകൾ നമ്മിലും ഒഴുകട്ടെ അതിലൂടെ ദൈവത്തിന്റെ സ്നേഹത്തിലേക്കു നമുക്കും നടന്നടുക്കാം. സർവ്വശക്തനായ ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കട്ടെ. ◆